കോളേജിന്റെ അക്കാദമി കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു. കോളേജിനും അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുമുള്ള സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി വിഭാഗങ്ങൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

304 (969) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം കേന്ദ്ര പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിലെ അപാകതമൂലം ഓരോ വർഷവും എത്ര തുക വീതം പാഴായെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)

1. മെട്രിക്കുലേഷനുശേഷമുള്ള പഠനങ്ങൾക്കുള്ള സ്കോളർഷിപ്പ് (100% കേന്ദ്രസഹായം)
2. പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരമുയർത്തൽ (100% കേന്ദ്ര സഹായം)
3. അനാരോഗ്യ ചുറ്റുപാടുകളിൽ പണിയെടുക്കുന്ന രക്ഷിതാക്കളുടെ മക്കൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രസഹായം)
4. 9, 10 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്(100% കേന്ദ്രസഹായം)
5. 1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്രസഹായം)
6. ബാബു ജഗ്ജീവൻ റാം ഛത്രവാസ് യോജന (ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം)(50% കേന്ദ്രസഹായം)
7. പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം (100% കേന്ദ്രസഹായം)

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിലെ അപാകതമൂലം തുകയൊന്നും നഷ്ടപ്പെട്ടിട്ടില്ല.

ഓരോ സാമ്പത്തിക വർഷവും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി സംസ്ഥാന സർക്കാർ തുക വകയിരുത്തുകയും ടി പദ്ധതികൾക്കായി തുക ചെലവഴിച്ചശേഷം കേന്ദ്ര സർക്കാരിൽ നിന്നും റീ-ഇംബേഴ്സ്മെന്റ് വ്യവസ്ഥയിൽ ധനസഹായം ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത കേന്ദ്ര സഹായം അടുത്ത വർഷങ്ങളിൽ മുഴുവനായും ചെലവാകാതെവരുന്നപക്ഷം അതേ പദ്ധതിക്കുതന്നെ വരുന്ന വർഷങ്ങളിൽ ചെലവഴിക്കുവാനും കഴിയുന്നതാണ്.

പിന്നോക്കവിഭാഗത്തിൽപ്പെട്ട ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം

305 (970) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുസ്ലീം, ഒ.ബി.സി., ഒ.ഇ.സി., പിന്നോക്ക വിഭാഗത്തിൽപ്പെട്ട ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം തടഞ്ഞുവയ്ക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ ;

(ബി) ഇതുമൂലം ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 2014-15 വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുകയുടെ ശിപാർശയാണ് സർക്കാരിന് സമർപ്പിച്ചതെന്നും ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചതെന്നും വെളിപ്പെടുത്തുമോ ;

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ ശിപാർശ സമർപ്പിക്കുകയുണ്ടായി ; അതിൽ എത്ര തുക ബഡ്ജറ്റ് വിഹിതമായി അനുവദിച്ചു ; ഇതിനകം എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിദ്യാഭ്യാസാനുകൂല്യം തടഞ്ഞുവച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് മുൻഗണന നൽകുകയാണുണ്ടായിട്ടുള്ളത്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly